സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 153 2024 ഒക്ടോബർ 01 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

യുഡിഎഫിന്റെ സ്ലിപ്പിങ് പാർട്ണറായി ജമാഅത്തെ ഇസ്ലാമി പ്രവർത്തിക്കുന്നു; വിവാദം രാഷ്ട്രീയ അജണ്ട: റിയാസ്

തിരു: മുഖ്യമന്ത്രിയുടെ മലപ്പുറം പ്രസ്താവനയുമായി ബന്ധപ്പെട്ടുള്ള വിവാദം രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. മുഖ്യമന്ത്രി ദ ഹിന്ദു ദിനപത്രത്തിനാണ് അഭിമുഖം നൽകിയത്. ദൃശ്യമാധ്യമത്തിനല്ല. മുഖ്യമന്ത്രി എന്ത് പറഞ്ഞുവെന്നത് മുഖ്യമന്ത്രി തന്നെ വിശദീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹിന്ദുവിൽ അച്ചടിച്ച കാര്യങ്ങൾ നോക്കിയാലും ഒരു തരത്തിലും ഏതെങ്കിലുമൊരു പ്രദേശത്തെ മോശമാക്കുന്ന നിലപാട് കൈക്കൊണ്ടിട്ടില്ല. ഇതൊരു രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണെന്ന് നമുക്ക് വ്യക്തമായി മനസിലാവും. കേരളത്തിന്റെ മഹാഭൂരിപക്ഷം വരുന്ന ബി.ജെ.പി വിരുദ്ധ മനസുകളിൽ ബി.ജെ.പി.യോട് താത്പര്യമുള്ള ഒരാളായി മുഖ്യമന്ത്രിയെ ചിത്രീകരിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ആർഎസ്എസുമായി ധാരണയുണ്ടാക്കാൻ മുഖ്യമന്ത്രി കാരണം കണ്ടെത്തുകയാണ്: അൻവർ

മലപ്പുറം: പി.വി. അൻവറിന്റെ നിലമ്പൂരിലെ യോഗത്തിനെത്തിയ ജനാവലി ജമാഅത്തെ ഇസ്ലാമിയുടേയും എസ്ഡിപിഐയുടേയും കോൺഗ്രസിന്റേയും കൂട്ടുമുന്നണിയുമായി ബന്ധപ്പെട്ട ആളുകളാണെന്ന എം.വി.ഗോവിന്ദന്റെ പരാമർശത്തിന് മറുപടിയുമായി പി.വി.അൻവർ. തന്റെ യോഗത്തിൽ പങ്കെടുത്തവർ ജനാധിപത്യ വിശ്വാസികളാണെന്നും എസ്ഡിപിഐക്കും ജമാഅത്തെ ഇസ്ലാമിക്കുമെല്ലാം ഇത്രയും ശക്തിയുണ്ടെന്ന് സിപിഎം അംഗീകരിച്ചോയെന്ന് അൻവർ ചോദിച്ചു.

സിപിഎമ്മിന്റെ ലോക്സഭാ തിരഞ്ഞെടുപ്പ് പരാജയകാരണം മുസ്ലീം പ്രീണനമാണെന്ന വാദം വിഡ്ഢിത്തമാണെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആയിരക്കണക്കിനാളുകളാണല്ലോ നിലമ്പൂരിലെ പരിപാടിക്ക് വന്നത്. മലപ്പുറത്ത് എസ്ഡിപിഐയും ജമാഅത്തെ ഇസ്ലാമിയും അത്ര വലിയ ശക്തികളാണോ? അവരത് പറഞ്ഞുകൊണ്ടേയിരിക്കണം. കണ്ണടച്ച് ഇരുട്ടാക്കിയിട്ടോ ഉറക്കം നടിക്കുന്നതുകൊണ്ടോ ഈ വിഷയത്തിൽനിന്ന് മുഖ്യമന്ത്രിക്കോ എഡിജിപിക്കോ രക്ഷപ്പെടാൻ കഴിയില്ല. കേരളത്തിൽ ജനങ്ങൾ അത് കൃത്യമായി മനസിലാക്കുന്നുണ്ട്. നിലമ്പൂരിലെ തന്റെ യോഗത്തിൽ പങ്കെടുത്തവരെ വർഗീയവാദികളാക്കുന്ന ഫാസിസ്റ്റ് നിലപാടിലാണ് സിപിഎം നേതൃത്വമെങ്കിൽ അത് അവർക്ക് വലിയ നഷ്ടമുണ്ടാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പാലോളി മുഹമ്മദ് കുട്ടിയേക്കുറിച്ച് കേരളത്തിലെ എല്ലാവർക്കും അറിയാം. സംശുദ്ധ ജീവിതത്തിന്റെ ഇന്ന് കേരളത്തിൽ ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരിൽ ഒരാളാണ് അദ്ദേഹം. പാലോളിയെക്കൊണ്ട് സിപിഎം പറഞ്ഞ് പറയിപ്പിക്കുകയാണ്. അദ്ദേഹത്തെ കണ്ട് കാര്യങ്ങൾ വിശദീകരിക്കുമെന്നും ആരുപറഞ്ഞാലും മുഖ്യമന്ത്രി മാറില്ലെന്നും അൻവർ പറഞ്ഞു.

എങ്ങനെയെങ്കിലും ബിജെപിയും ആർഎസ്എസുമായി ഒരു തിരഞ്ഞെടുപ്പ് ധാരണയുണ്ടാക്കണമെന്നാണ് മുഖ്യമന്ത്രിയടക്കമുള്ള സിപിഎമ്മിലെ ചില നേതാക്കളുടെ ആവശ്യം. മുസ്ലീം പ്രീണനമെന്നത് ഈ ധാരണയുണ്ടാക്കാനുള്ള ഒരു കാരണം കണ്ടെത്തുക മാത്രമാണ്. തിരഞ്ഞെടുപ്പിലെ തോൽവിക്കുള്ള യഥാർഥ കാരണം പോലീസിങ്ങും പഞ്ചായത്തിലെ നികുതി വർധനവുമെല്ലാമാണെന്നും സിപിഎമ്മിനുള്ള മറുപടിയായി അൻവർ പറഞ്ഞു.

സ്വർണക്കടത്ത് സംഘത്തെ കുറിച്ചും അൻവർ പ്രതികരിച്ചു. 1500 റിയാലോ രണ്ടായിരം റിയാലോ വാങ്ങി വിദേശത്ത് ജോലി ചെയ്യുന്ന ഒരാൾക്ക് കിലോ കണക്കിന് സ്വർണവുമായി ഇങ്ങോട്ട് വരാൻപറ്റുമോ എന്ന് അൻവർ ചോദിച്ചു. അപ്പോൾ ഇതിനുപിന്നിൽ ഒരു വലിയ സംഘം പ്രവർത്തിക്കുന്നില്ലേയെന്നും അദ്ദേഹം ചോദിച്ചു. ഇതൊക്കെ മനസിലാക്കാൻ അത്രവലിയ സാമാന്യ ബുദ്ധി മതി. എന്താണ് കേന്ദ്ര ഏജൻസികളൊന്നും വരാത്തത്? വന്ന് അന്വേഷിക്കാനുള്ള ബാധ്യത അവർക്കുമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

'ഇപ്പോഴത്തെ ഉന്നം അൻവറാണ്. അതിന്റെ കൂടെ മലപ്പുറവും. മലപ്പുറത്താണല്ലോ അൻവറും. മലപ്പുറത്തിന്റെ പുത്രനാണ് അൻവറെന്നാണ് മുഖ്യമന്ത്രി പറഞ്ഞുവരുന്നത്. ഞാൻ മലപ്പുറത്തിന്റെയല്ല, ഭാരതത്തിന്റെ പുത്രനാണ്. രാജ്യത്തിന്റെ ദേശീയതയിൽ അലിഞ്ഞുചേർന്ന ചരിത്രമുള്ള കുടുംബത്തിൽനിന്നാണ് ഞാൻ വരുന്നത്. ഞാനൊരു ഭാരതീയനാണെന്നതിൽ ഒരു തർക്കവുമില്ല. തേച്ചുമായ്ച്ചുകളയാൻ ശ്രമിച്ചാൽ നടക്കാൻപോകുന്ന കാര്യവുമല്ല.

നമ്മൾ കൊടുക്കുന്ന ഹർജി നോക്കിയിട്ട് ഹൈക്കോടതിക്ക് അതിൽ തീരുമാനമെടുക്കാം. ഹൈക്കോടതി തീരുമാനിക്കുന്നതനുസരിച്ച് കാര്യങ്ങൾ നീങ്ങും. പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം ഇപ്പോൾ നടക്കുന്നതുകൊണ്ട് അതുകഴിയട്ടെ എന്ന് ഒരുപക്ഷേ കോടതി പറയും. ഇക്കാര്യം നിയമവിദഗ്ധരുമായി ആലോചിക്കുന്നുണ്ട്. മുസ്ലീം പ്രീണനമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ പരാജയത്തിന് കാരണമെന്ന വിലയിരുത്തൽ വിഡ്ഢിത്തമാണ്. റിയലിസ്റ്റിക്കായ കാര്യം കൃത്യമായി നോക്കാതെയാണ് ഈ വിഷയത്തിൽ ഇടപെടുന്നത്. കണ്ണടച്ച് ഇരുട്ടാക്കുന്നുവെന്നേ ഇക്കാര്യത്തിൽ പറയാനുള്ളൂ.' അൻവർ കൂട്ടിച്ചേർത്തു.

ഷാളിന് തീപ്പിടിച്ചത് അറിഞ്ഞില്ല; ഗാന്ധിജിയുടെ ചിത്രത്തിന് മുന്നിൽ പ്രാർഥനതുടർന്ന് ഗവർണർ

പാലക്കാട്: അകത്തേത്തറ ശബരി ആശ്രമത്തിൽ ശതാബ്ദി ആഘോഷ സമാപന ചടങ്ങിൽ പങ്കെടുക്കാനെത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഷാളിന് തീപിടിച്ചു. ഗാന്ധിജിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നതിനിടെയാണ് മുന്നിലുണ്ടായിരുന്ന നിലവിളക്കിൽനിന്ന് തീ പടർന്നത്.

ഉടൻ സമീപത്തുണ്ടായിരുന്ന ആളുകളും സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന് തീയണച്ചതിനാൽ വലിയ അപടകം ഒഴിവായി. ഇന്ന് രാവിലെ 10.45–ഓടെയായിരുന്നു സംഭവം. ഉദ്ഘാടനത്തിനായി കാറിൽ വന്നിറങ്ങിയ ഗവർണർ ആദ്യം പോയത് ആശ്രമത്തിലുള്ള ഗാന്ധി കുടീരത്തിലേക്കാണ്. ഗാന്ധിജി പാലക്കാട് എത്തുമ്പോഴെല്ലാം സന്ദർശിക്കുകയും താമസിക്കുകയും ചെയ്തിട്ടുള്ള ഇടമാണ് ഇത്. ശേഷം, കേന്ദ്രത്തിനകത്തുള്ള ഗാന്ധി ചിത്രത്തിൽ പുഷ്പാർച്ചന നടത്താനായി കുനിഞ്ഞ് നിന്നപ്പോഴാണ് ഷാളിലേക്ക് തീ പടർന്നത്.

അപകടം ശ്രദ്ധയിൽപെടാതിരുന്ന ഗവർണർ, തുടർന്നും പ്രാർഥനാ ചടങ്ങിൽ മുഴുകിയെങ്കിലും അടുത്തുണ്ടായിരുന്നവർ കഴുത്തിൽ നിന്ന് ഷാൾ എടുത്തുമാറ്റി തീയണയ്ക്കുകയായിരുന്നു. തുടർന്ന് ഗവർണർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഇറാനികൾക്ക് നെതന്യാഹുവിന്റെ സന്ദേശം; 'ഇറാൻ ഉടൻ സ്വതന്ത്രമാകും, ഇസ്രയേൽ നിങ്ങൾക്കൊപ്പം'

ടെൽ അവീവ്: ഇറാനിയൻ ജനതയ്ക്ക് സന്ദേശം നൽകി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഇസ്രയേൽ നിങ്ങൾക്കൊപ്പമുണ്ടെന്നും ഇറാൻ ഉടൻ സ്വതന്ത്രമാകുമെന്നുമാണ് നെതന്യാഹു ഇറാനിലെ ജനങ്ങൾക്ക് നേരിട്ട് നൽകിയ സന്ദേശത്തിൽ പറഞ്ഞിരിക്കുന്നത്. ഇറാൻ പിന്തുണയ്ക്കുന്നുവെന്ന് ആരോപണമുള്ള ഹമാസിനും ഹിസ്ബുള്ളയ്ക്കുമെതിരെ ഇസ്രയേൽ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഘട്ടത്തിലാണ് നെതന്യാഹുവിന്റെ അസാധാരണ സന്ദേശം.

'എല്ലാ ദിവസവും, നിങ്ങളെ സ്വാധീനിക്കുന്നതിനായി ലെബനനെ പ്രതിരോധിക്കുമെന്നും ഗാസയെ പ്രതിരോധിക്കുമെന്നും പറഞ്ഞുള്ള തീപ്പൊരി പ്രസംഗങ്ങൾ നടത്തുന്ന ഒരു ഭരണകൂടത്തെ നിങ്ങൾ കാണുന്നു. എന്നിട്ട് എല്ലാ ദിവസവും, ആ ഭരണകൂടം നമ്മുടെ പ്രദേശത്തെ കൂടുതൽ ഇരുട്ടിലേക്കും ആഴത്തിലുള്ള യുദ്ധത്തിലേക്കും ആഴ്ത്തുന്നു' നെതന്യാഹു പറഞ്ഞു. ഇറാനിയൻ ഭാഷയിലുള്ള സബ് ടൈറ്റിലോട് കൂടിയാണ് നെതന്യാഹു വീഡിയോ സന്ദേശം നൽകിയിരിക്കുന്നത്.

ഇറാന്റെ പാവകൾ ഇല്ലാതായാകുകയാണെന്ന് പറഞ്ഞ നെതന്യാഹു പശ്ചിമേഷ്യയിൽ ഇസ്രയേലിന് എത്തിച്ചേരാൻ സാധിക്കാത്ത ഒരിടവും ഇല്ലെന്നും മുന്നറിയിപ്പ് നൽകി. 'ഞങ്ങളുടെ ജനങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾ എവിടെ വരെയും പോകും' അദ്ദേഹം കൂട്ടിച്ചേർത്തു.

'ഓരോ നിമിഷവും കുലീനരായ പേർഷ്യൻ ജനതയെ നിങ്ങളുടെ ഭരണകൂടം അഗാധത്തിലേക്കാണ് എത്തിക്കുന്നത്. ഇറാൻകാരിൽ ബഹുഭൂരിപക്ഷത്തിനും അവരുടെ ഭരണകൂടം തങ്ങളെക്കുറിച്ചൊന്നും ശ്രദ്ധിക്കുന്നില്ലെന്ന് അറിയാം. അവർക്ക് നിങ്ങളെ കുറിച്ച് ശ്രദ്ധ ഉണ്ടായിരുന്നെങ്കിൽ പശ്ചിമേഷ്യയിൽ ഉടനീളമുള്ള വ്യർഥമായ യുദ്ധങ്ങൾക്കായി കോടിക്കണക്കിന് ഡോളർ പാഴാക്കുന്നത് അവർ അവസാനിപ്പിക്കുമായിരുന്നു. അത് നിങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുമായിരുന്നു. ആണവായുധങ്ങൾക്കും വിദേശ യുദ്ധങ്ങൾക്കുമായി ഭരണകൂടം പാഴാക്കിയ പണമെല്ലാം നിങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും നിങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും നിങ്ങളുടെ രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കും നിക്ഷേപിച്ചിരുന്നെങ്കിലെന്ന് സങ്കൽപ്പിക്കുക' ഇറാനികളോടായി നെതന്യാഹു പറഞ്ഞു.

ഇറാൻ ഒടുവിൽ സ്വതന്ത്രമാകുമെന്നും ആ നിമിഷം ആളുകൾ കരുതുന്നതിലും വളരെ വേഗത്തിലായിരിക്കുമെന്നും നെതന്യാഹു പറഞ്ഞു. അതോടെ എല്ലാം വ്യത്യസ്തമായിരിക്കും 'നമ്മുടെ രണ്ട് പുരാതന ജനത, ജൂത ജനതയും പേർഷ്യൻ ജനതയും ഒടുവിൽ സമാധാനത്തിലാകും. ഇസ്രായേലും ഇറാനും സമാധാനത്തിലായിരിക്കും' നെതന്യാഹു കൂട്ടിച്ചേർത്തു.

ആ ദിവസം വരുമ്പോൾ, 5 ഭൂഖണ്ഡങ്ങളിലായി ഭരണകൂടം കെട്ടിപ്പടുത്ത ഭീകര ശൃംഖല പാപ്പരാവും, തകർക്കപ്പെടും. ഇറാൻ മുമ്പെങ്ങുമില്ലാത്തവിധം അഭിവൃദ്ധിപ്പെടുമെന്നും ഇസ്രയേൽ പ്രധാനമന്ത്രി പറഞ്ഞു.

അതേസമയം, ലെബനനിലേക്കോ പലസ്തീൻ ഭൂപ്രദേശങ്ങളിലേക്കോ ഇറാന്റെ സൈന്യത്തെ അയക്കേണ്ട സാഹചര്യം നിലവിലില്ലെന്നും ഇസ്രയേലിനെതിരേ പൊരുതാനുള്ള ശേഷി അവിടത്തെ പോരാളികൾക്കുണ്ടെന്നും ഇറാൻ വിദേശകാര്യവക്താവ് നാസർ കനാനി പറഞ്ഞു.

രജനികാന്തിന്റെ ആരോഗ്യനില തൃപ്തികരം

ചെന്നൈ: കടുത്ത വയറുവേദനയെ തുടർന്ന് ചെന്നൈ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ച നടൻ രജനികാന്തിന്റെ ആരോഗ്യനില തൃപ്തികരം. സിനിമ ചിത്രീകരണത്തിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ഇന്നലെ രാത്രിയാണ് രജനികാന്തിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഹൃദയസംബന്ധമായ പരിശോധനകൾക്ക് കൂടി വിധേയനായ ശേഷം രജനികാന്ത് ആശുപത്രി വിട്ടേക്കും. എന്നാൽ ഇത് സംബന്ധിച്ച് രജനികാന്തിന്റെ കുടുംബത്തിൽ നിന്നോ ആശുപത്രിയിൽ നിന്നോ ഔദ്യോഗിക അറിയിപ്പുകളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

കരുതൽ തടങ്കലിലാക്കി

തൃശൂർ: നിരവധി ക്രിമിനൽ കേസിലെ പ്രതിയെ കാപ്പ പ്രകാരം കരുതൽ തടങ്കലിലാക്കി. നടത്തറ കാച്ചേരി സ്വദേശി പൊന്നോക്കാരൻ വീട്ടിൽ നിനോ എന്ന നെയ്മറിനെയാണ് വിയ്യൂർ സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിലാക്കിയത്.

'കാണാൻ കൊള്ളാവുന്ന സ്ത്രീകളുടെ നമ്പർ വാങ്ങുന്നു; മാനക്കേടാവും'; ശശിക്കെതിരായ പരാതി പുറത്തുവിട്ട് അൻവർ

തിരു: മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശിയെ കുറിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന് നൽകിയ പരാതിയുടെ പൂർണരൂപം പുറത്തുവിട്ട് പി.വി. അൻവർ. 10 പേജോളം നീളുന്ന പരാതിയിൽ പലയിടങ്ങളിലായി മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്ക് പല കേസുകളിലും പങ്കുണ്ടെന്ന് ആരോപിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫിസിലെത്തുന്ന കാണാൻ കൊള്ളാവുന്ന സ്ത്രീകളുടെ നമ്പർ പി. ശശി വാങ്ങുന്നുവെന്നും കേസന്വേഷണം എങ്ങനെ പോകുന്നുവെന്ന് അന്വേഷിക്കുകയും ചെയ്തുവെന്നാണ് കത്തിലെ എട്ടാമത്തെ ആരോപണത്തിൽ രണ്ടാമതായി പറയുന്നത്.

ശൃംഗാരഭാവത്തിൽ പി. ശശി സംസാരിച്ചതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ കോളുകൾ എടുക്കാതായ പരാതിക്കാരിയെ തനിക്കറിയാമെന്നും അദ്ദേഹം ഈ സ്ഥാനത്ത് തുടർന്നാൽ പാർട്ടിക്കും മുഖ്യമന്ത്രിക്കും നാണക്കേടും മാനക്കേടും വൈകാതെ നേരിടേണ്ടി വരുമെന്നാണ് കത്തിലെ മുന്നറിയിപ്പ്.

സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വലിയ കച്ചവടക്കാർ തമ്മിലുള്ള സാമ്പത്തിക തർക്കത്തിൽ പൊളിറ്റിക്കൽ സെക്രട്ടറി കക്ഷി നിൽക്കുന്നുവെന്നും ലക്ഷങ്ങൾ പാരിതോഷികം വാങ്ങിയെന്നും കമ്മിഷൻ കൈപറ്റുന്നുവെന്നും അൻവർ ആരോപിക്കുന്നു. സഖാവെന്ന നിലയ്ക്ക് ഉത്തമ ബോധ്യത്തോടെയാണ് താൻ പാർട്ടിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതെന്നും വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് കത്തിലെ അഭ്യർഥന.

പീഡന പരാതിയിൽ നിവിൻ പോളിയെ ചോദ്യം ചെയ്തു

കൊച്ചി: ദുബായിൽ വച്ച് പീഡിപ്പിച്ചെന്ന യുവതിയുടെ പരാതിയിൽ നിവിൻ പോളിയെ ചോദ്യം ചെയ്തു. കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘമാണ് നിവിനെ ചോദ്യം ചെയ്തത്. പരാതിക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന പരാതിയിൽ നടന്റെ മൊഴി അന്വേഷണ സംഘം രേഖപ്പെടുത്തി. ഈ രണ്ട് പരാതികളുടെയും അടിസ്ഥാനത്തിലാണ് ചോദ്യം ചെയ്യൽ.

2023 ഡിസംബർ 14, 15 തീയതികളിൽ ദുബായിൽ വച്ച് പീഡിപ്പിച്ചുവെന്നാണ് യുവതിയുടെ പരാതി. കോതമംഗലം സ്വദേശിയായ യുവതിയെ തൃശൂരുകാരിയായ ശ്രേയ ദുബായിലേക്ക് കൊണ്ടുപോയെന്നും അവിടെ ഹോട്ടൽ മുറിയിൽ വച്ച് കൂട്ടബലാത്സംഗം ചെയ്തെന്നുമാണ് പരാതിയിൽ പറയുന്നത്. മൊബൈൽ ഫോണിൽ ദൃശ്യങ്ങൾ പകർത്തി ഭീഷണിപ്പെടുത്തിയെന്നും യുവതി മൊഴി നൽകിയിരുന്നു. കേസിൽ നിവിൻ പോളി ആറാം പ്രതിയാണ്. കോട്ടയം സ്വദേശി ശ്രേയ, സിനിമാ നിർമാതാവ് തൃശൂർ സ്വദേശി എകെ സുനിൽ, എറണാകുളം സ്വദേശികളായ ബിനു, ബഷീർ, കുട്ടൻ എന്നിവരാണ് മറ്റ് പ്രതികൾ.

വ്യാജൻ മലപ്പുറത്തെ ഒൻപതോളം ആശുപത്രികളിൽ ജോലിചെയ്തു; ഒടുവിൽ തിരിച്ചറിഞ്ഞത് പഴയസഹപാഠി

കോഴിക്കോട്: കടലുണ്ടി കോട്ടക്കടവ് ടി.എം.എച്ച്. ആശുപത്രിയിലെ വ്യാജ ഡോക്ടർ മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഒമ്പതിലധികം ആശുപത്രികളിൽ ജോലി ചെയ്തതായി വിവരം. രോഗികളോട് നല്ല പെരുമാറ്റം പുലർത്തിയ വ്യാജ ഡോക്ടർ അബു എബ്രഹാം ലൂക്കിനെ സ്ഥിരമായി കാണാൻ എത്തുന്ന രോഗികളും ഉണ്ടായിരുന്നു. ആർ.എം.ഒ.യുടെ ഒഴിവിലേക്ക് ഡോക്ടറെ നിയമിക്കാൻ ആശുപത്രി അധികൃതർ നടത്തിയ അന്വേഷണത്തിലാണ് മറ്റൊരാളുടെ റഫറൻസിലൂടെ അബു ലൂക്ക് എത്തുന്നത്.

ജോലിയിൽ പ്രവേശിക്കും മുമ്പ് രജിസ്റ്റർ നമ്പർ ആവശ്യപ്പെട്ടപ്പോൾ രജിസ്റ്റർ നമ്പർ നൽകി. അബു പി. സേവ്യർ എന്നയാളുടെ പേരിലായിരുന്നു രജിസ്റ്റർ നമ്പർ. ഇക്കാര്യം ചോദിച്ചപ്പോൾ, തനിക്ക് 'രണ്ട് പേര് ഉണ്ട്' എന്നാണ് മറുപടി നൽകിയത്. മുമ്പ് ജോലി ചെയ്ത സ്ഥലങ്ങളിൽ അന്വേഷിച്ചപ്പോളും ഇയാളെക്കുറിച്ച് മികച്ച അഭിപ്രായം ആയിരുന്നു. ആഴ്ചയിൽ രണ്ട് ദിവസം ഈ ആശുപത്രിയിൽ എത്തുന്ന അബു എബ്രഹാമിനെ സ്ഥിരമായി കാണിക്കാൻ എത്തുന്ന നിരവധി രോഗികൾ ഉണ്ടായിരുന്നു എന്നും ആശുപത്രി അധികൃതർ പറയുന്നു.

പരാതി ഉയർന്ന സാഹചര്യത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇയാളുടെ യഥാർഥ രജിസ്റ്റർ നമ്പർ ലഭിച്ചതും എം.ബി.ബി.എസ്. പാസ്സായില്ല എന്ന് മനസ്സിലായതും. ഇതേ തുടർന്നാണ് പുറത്താക്കിയതെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി. എം.ബി.ബി.എസ്. കഴിഞ്ഞ് നീറ്റ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ് എന്നാണ് ഇയാൾ ആശുപത്രി അധികൃതരെ വിശ്വസിപ്പിച്ചത്. പരീക്ഷയ്ക്കായി ഇയാൾ അവധി എടുത്ത് പോകാറുണ്ടായിരുന്നു എന്നും ആശുപത്രി അധികൃതർ പറഞ്ഞു.

മരിച്ച വിനോദ് കുമാറിന്റെ ബന്ധുക്കൾക്ക് തുടക്കത്തിൽ പരാതി ഇല്ലായിരുന്നു. പിന്നീട് ഒരു ബന്ധുവുമായി വിനോദ് കുമാറിന്റെ മകനും ഭാര്യയും ഇതേ ആശുപത്രിയിൽ എത്തിയിരുന്നു. മകന്റെ ഭാര്യ സഹപാഠിയായ അബു എബ്രഹാം ലൂക്കിനെ തിരിച്ചറിഞ്ഞതോടെയാണ് ഞെട്ടിക്കുന്ന വിവരം പുറത്തറിഞ്ഞത്. ഈ പെൺകുട്ടിയാണ് ഇയാൾ എം.ബി.ബി.എസ്. പൂർത്തിയാക്കാത്ത വിവരം അറിയിച്ചതെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

തിരുവല്ല സ്വദേശിയായ അബു എബ്രഹാം ലൂക്ക് 2011–ലാണ് കോഴിക്കോട്ടെ സ്വകാര്യ മെഡിക്കൽ കോളേജിൽനിന്നും എം.ബി.ബി.എസ്. പഠനത്തിനായി എത്തുന്നത്. സെമസ്റ്റർ പരീക്ഷയിൽ തോറ്റതോടെ പഠനം പൂർത്തിയാക്കാനായില്ല. തുടർന്നാണ് സമാന പേരുള്ള മറ്റൊരാളുടെ രജിസ്റ്റർ നമ്പർ ഉപയോഗിച്ച് ചികിത്സ തുടങ്ങിയത്.

മുകേഷ് എംഎൽഎ പുറത്ത്: സിനിമാ നയസമിതി പുനഃസംഘടിപ്പിച്ചു: അംഗ സംഖ്യ 10ൽ നിന്ന് ഏഴാക്കി

തിരു: സിനിമാനയത്തിന്റെ കരട് തയ്യാറാക്കാനുള്ള സമിതി പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവിറക്കി. പത്തംഗങ്ങളുള്ള സമിതിയിലെ അംഗസംഖ്യ ഏഴാക്കി ചുരുക്കി. ലൈംഗിക പീഡനപരാതിയിൽ പ്രതിയായ മുകേഷ് എംഎൽഎയെ സമിതിയിൽ നിന്ന് ഒഴിവാക്കി. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ എന്നിവരാണ് പുതിയ അംഗങ്ങൾ.

2023 ജൂലായിൽ ആണ് പത്തംഗ സമിതി രൂപീകരിച്ച് ഉത്തരവിറക്കിയത്. അന്ന് സിനിമയിലെ തിരക്കിന്റെ പേരിൽ നടി മഞ്ജു വാര്യരും ഛായാഗ്രാഹകൻ രാജീവ് രവിയും സ്വയം ഒഴിവായിരുന്നു. അംഗങ്ങളാകാൻ അസൗകര്യമുണ്ടെന്ന് ഇവർ സർക്കാരിനെ അറിയിക്കുകയായിരുന്നു. ചർച്ച നടത്താതെ സമിതിയെ നിയോഗിച്ചതിനെ ഡബ്ല്യുസിസിയും ഫിലിം ചേംബറും വിമർശിച്ചിരുന്നു. തന്നോട് ആലോചിക്കാതെ കമ്മിറ്റി അംഗമാക്കിയത് ശരിയല്ലെന്ന് സംവിധായകൻ രാജീവ് രവിയും പറഞ്ഞിരുന്നു.

ഫെഫ്ക പ്രതിനിധിയായ സംവിധായകൻ ബി ഉണ്ണിക്കൃഷ്ണൻ അടുത്തിടെ രാജിവച്ചിരുന്നു. നടിമാരായ പത്മപ്രിയ, നിഖില വിമൽ, നിർമ്മാതാവ് സന്തോഷ് കുരുവിള എന്നിവരാണ് അംഗങ്ങൾ. ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുണാണ് അദ്ധ്യക്ഷൻ. സമിതി രൂപീകരിച്ചപ്പോൾ സാംസ്കാരിക വകുപ്പ് മുൻ സെക്രട്ടറി മിനി ആന്റണിയായിരുന്നു കൺവീനർ. അവർ വിരമിച്ചതിനാൽ സമിതിയിൽ അംഗമായിരുന്ന ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് കൺവീനറാകും.

ഗോവിന്ദക്ക് അബദ്ധത്തിൽ വെടിയേറ്റു

മുംബൈ: ഹിന്ദി നടൻ ഗോവിന്ദയ്ക്ക് സ്വന്തം റിവോൾവറിൽ നിന്ന് അബദ്ധത്തിൽ വെടിയേറ്റു. മുംബൈയിലെ വീട്ടിൽ വച്ച് റിവോൾവർ പരിശോധിക്കുന്നതിനിടയാണ് അപകടം. കാലിന് വെടിയേറ്റ ഗോവിന്ദയെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

സ്വർണ്ണവില വീണ്ടും താഴോട്ട്

തിരു: സംസ്ഥാനത്ത് സ്വർണ്ണ വില വീണ്ടും കുറഞ്ഞു. ഇന്ന് ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് കുറഞ്ഞത്. ഇതോടെ 7,050 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വിപണി വില. ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വില 56,400 രൂപയാണ്. ഇന്നലെ ഇത് 56,640 ആയിരുന്നു.

അഞ്ചാം ചരമവാർഷികം

അഡ്വ. സി.കെ. മേനോൻ
(1949-2019)
പത്മശ്രീ പുരസ്കാര ജേതാവ്
മുൻ വൈസ് ചെയർമാൻ നോർക്ക-റൂട്ട്സ്
Former Chairman BEHZAD GROUP, Doha
കരുതലിൽ പൊൻവെളിച്ചം, കാരുണ്യത്തിൻ പൂമരം
മനസിൽ മായാത്ത സ്നേഹ സ്പർശം

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ഒക്ടോബർ 3 മുതൽ 5 വരെ അന്തർദേശീയ ഗണിതശാസ്ത്ര സമ്മേളനം

ഇരിങ്ങാലക്കുട : ക്രൈസ്റ്റ് കോളേജ് ഗണിതശാസ്ത്ര വിഭാഗം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും കേരള മാത്തമാറ്റിക്കൽ അസോസിയേഷന്റെയും സഹകരണത്തോടെ ഒക്ടോബർ മൂന്നുമുതൽ അഞ്ചുവരെ 'ഗ്രാഫ് തിയറിയും പ്രായോഗിക തലങ്ങളും' എന്ന വിഷയത്തിൽ അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. 3 ന് രാവിലെ 10 മണിക്ക് ഗണിതശാസ്ത്രജ്ഞനും കേരള മാത്തമാറ്റിക്കൽ അസോസിയേഷൻ പ്രസിഡന്റും കുസാറ്റ് സർവകലാശാല ഗണിതശാസ്ത്ര വിഭാഗം മുൻ മേധാവിയുമായ ഡോ. എ. കൃഷ്ണമൂർത്തി അന്തർദേശീയ സമ്മേളനം ഉദ്ഘാടനം നിർവഹിക്കുമെന്ന് കോളേജ് പ്രിൻസിപ്പാൾ ഫാ ഡോ ജോളി ആൻഡ്രൂസ് , വകുപ്പ് മേധാവി ഡോ സീന വി എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. സമ്മേളനത്തിൽ അമേരിക്കൻ ഗണിതശാസ്ത്രജ്ഞനും ഗ്രാഫ് തിയറി ഗവേഷണത്തിന് സഹായകരമായ 'ഇൻട്രൊഡക്ഷൻ ടു ഗ്രാഫ് തിയറി' ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളുടെ രചയിതാവുമായ ഡി. ബി. വെസ്റ്റ്, 'ലൈൻ ഗ്രാഫ്സ് ആൻഡ് ലൈൻ ഡയഗ്രാഫ്' എന്ന ഗ്രന്ഥത്തിൻറെ രചയിതാവായ ജയ് ബേഗ്, ദക്ഷിണാഫ്രിക്കയിലെ വിറ്റ്സ് വാട്ടർസ്രൻഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ യൂനിസ് എംഫെകോ ബന്ദ,യുഎഇ അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഐമാൻ ബഡാവി എന്നിവർ പ്രഭാഷണം നടത്തുന്നു. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി പ്രൊഫസർ സുദേവ് എം കെ, ഉത്തർപ്രദേശിലെ ശിവ് നാടാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. സത്യനാരായണൻ റെഡി, കൊൽക്കത്ത വിദ്യാസാഗർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. മധു മംഗൾപാൽ, കാസർകോട് ഗവൺമെൻറ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഷാഹുൽഹമീദ്, എടത്വ സെൻറ് അലോഷ്യസ് കോളേജ് പ്രിൻസിപ്പാൾ ഡോ. ജി. ഇന്ദുലാൽ കോഴിക്കോട് എൻ ഐ ടിയിലെ അസോസിയേറ്റ് പ്രൊഫസർ സുനിൽ മാത്യു എന്നിവർ പ്രഭാഷണം നടത്തും. ദേശീയ-അന്തർദേശീയ തലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മുപ്പതോളം ഗവേഷണ പ്രബന്ധങ്ങൾ അന്തർദേശീയ സമ്മേളനത്തിൽ അവതരിപ്പിക്കും. വിവിധ സർവകലാശാലകളിൽ നിന്നായി നൂറോളം വിദ്യാർഥികൾ സമ്മേളനത്തിൽ പങ്കെടുക്കും. കോ-ഓർഡിനേറ്റർ ഡോ. ജോജു കെ.ടി, കോളേജ് പി ആർ ഒ ഫാ സിബി ഫ്രാൻസിസ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

പുതിയ ഭാരവാഹികൾ

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ പറമ്പികുളങ്ങര നായർ സമുദായ ശ്രീവിലാസിനി സഭയുടെ അടുത്ത മൂന്ന് വർഷത്തെ ഭാരവാഹികൾ കെ ശ്രീരാജ് പ്രസിഡണ്ട്, വി.കെ. സുധാകരൻ സെക്രട്ടറി, കെ. ദിലീപ് കുമാർ ജോ. സെക്രട്ടറി, കെ. എ. മധു സുധനൻ ട്രഷറർ, എന്നിവരെ എതിരില്ലാതെയും കമ്മറ്റി മെമ്പർ മാരായി പി. ശിവദാസൻ, ഗോപിനാഥൻ മേലേഴത്ത്, കെ. സേതുമാധവൻ, രഘുമേനോൻ, സുമിത നന്ദകുമാർ എന്നിവരെ മത്സരത്തിലൂടെയും തിരഞ്ഞെടുത്തു.

സ്കൂട്ടർ സൈക്കിളിൽ ഇടിച്ച് സൈക്കിൾ യാത്രക്കാർക്ക് പരിക്ക്

കേച്ചേരി: കേച്ചേരി വടക്കാഞ്ചേരി റോഡിൽ മണലി വഴിക്ക് സമീപം സ്കൂട്ടർ ഇടിച്ച് സൈക്കിൾ യാത്രക്കാരായ മണലി സ്വദേശി ഇലവന്തറ വീട്ടിൽ ഉദയൻ മകൻ ആനന്ദ് (17),ആര്യംപാടം സ്വദേശി തൈവളപ്പിൽ വീട്ടിൽ സാബു മകൻ നിരഞ്ജൻ(20) എന്നിവർക്ക് പരിക്കുപറ്റി.

നേത്രപരിശോധന – തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട സെന്റ്. ജോസഫ്സ് (ഓട്ടോണോമസ്) കോളേജിലെ അമ്പത്, നൂറ്റിയറുപത്തിയേഴ് എൻ.എസ്.എസ് യൂണിറ്റുകൾ,കൊമ്പിടിഞ്ഞമാക്കൽ ലയൺസ് ക്ലബ്ബ് , കൊമ്പിടിഞ്ഞമാക്കൽ പി.എൽ തോമൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്, കൊച്ചിൻ ഐ കെയർ ഫൗണ്ടേഷൻ ഹോസ്പിറ്റൽ എന്നിവയുടെ സഹകരണത്തോടെ നേത്രപരിശോധന - തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിച്ചു. ലയൺസ് ക്ലബ്ബ് ജില്ലാ കോ ഓർഡിനേറ്റർ ജോൺസൺ കോലങ്കണ്ണി അദ്ധ്യക്ഷത വഹിച്ചു. എൻ. എസ്.എസ്. പ്രോഗ്രാം ഓഫീസർ ശ്രീമതി വീണ സാനി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആറായിരത്തിലധികം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച ജില്ലാ കോ- ഓർഡിനേറ്റർ ലയൺ ജോൺസൺ കോലങ്കണ്ണിയെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ യോഗത്തിൽ ആദരിച്ചു. ലയൺസ് ക്ലബ് ഇന്റർനാഷണൽ സോൺ ചെയർമാൻ അഡ്വ ജോൺ നിധിൻ തോമസ് മുഖ്യാതിഥി ആയിരുന്നു. ഡിസ്ട്രിക്റ്റ് ചെയർമാൻ ബിജോയ് പേൾ,ശിവൻ നെന്മാറ എന്നിവർ സംസാരിച്ചു.

കത്തിഡ്രൽ കത്തോലിക്ക കോൺഗ്രസ് ഓണാഘോഷം

ഇരിങ്ങാലക്കുട - അഖില കേരള കത്തോലിക്ക കോൺഗ്രസ് സെയിന്റ്.തോമസ് കത്തിഡ്രൽ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷം കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ ഉൽഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് രഞ്ചി അക്കരക്കാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ട്രസ്റ്റി ജോമോൻ മണ്ടി, വൈസ് പ്രസിഡന്റ് ജോസ് മാമ്പിള്ളി, ജനറൽ കൺവിനർ ലാസർ കോച്ചേരി, ട്രഷറർ വിൻസൻ കോമ്പാറക്കാരൻ, ടെൽസൺ കോട്ടോളി, ജോ. കൺവീനർമാരായ റോബി കാളിയങ്കര, ജോൺ മാമ്പിള്ളി, മാവേലിയായ ബാബു ചേലക്കാട്ട് പറമ്പൻ പി.ആർ. ഒ. റെയ്സൺ കോലങ്കണ്ണി. എന്നിവർ പ്രസംഗിച്ചു.

ഇരിങ്ങാലക്കുട :ചന്തക്കുന്ന് ജംഗഷനിൽ റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പൊളിച്ച സ്ഥലത്ത് മാർഗ്ഗതടസ്സം ഉണ്ടാകുന്ന വിധത്തിൽ അഞ്ച് അടിയോളം വരുന്ന സ്ഥലത്ത് ബോർഡ് ഇറക്കി വച്ചിരിക്കുന്നു. ഇതുമൂലം വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് അധികാരികളുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് യാത്രക്കാർ ആവശ്യപ്പെടുന്നു

നിര്യാതനായി

മനോജ്

പുതുക്കാട്: റെയിൽവേ സ്റ്റേഷൻ റോഡിൽ താഴത്തു വീട്ടിൽ കൃഷ്ണൻ മകൻ മനോജ് (45) നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചക്ക് 11. 30 മണിക്ക് വീട്ടുവളപ്പിൽ. ഭാര്യ: ആശ മക്കൾ: രോഹിത്, രതുൽ

'ഒറ്റ തെരെഞ്ഞെടുപ്പും ഫെഡറലിസത്തിന്റെ ഭാവിയും' യൂത്ത് ലീഗ് ഗാന്ധി, സി എച്ച് സ്മരണ നാളെ

വാടാനപ്പള്ളി: ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 ന് ഗാന്ധി, സി എച്ച് സ്മരണ സംഘടിപ്പിച്ച് മുസ്ലിം യൂത്ത് ലീഗ് ജില്ല കമ്മറ്റി.ഉച്ചതിരിഞ്ഞ് 3 മണിക്ക് വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിലാണ് പരിപാടി.

മഹാത്മാവിന്റെ സ്മരണയിൽ 'ഒറ്റ തെരെഞ്ഞെടുപ്പും ഫെഡറലിസത്തിന്റെ ഭാവിയും' എന്ന വിഷയത്തിൽ മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി എം സാദിഖലി പ്രഭാഷണം നടത്തും. മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം എ സമദ്, സി എച്ച് അനുസ്മരണ പ്രഭാഷണം നിർവഹിക്കും.